# രാജർഷി

പുസ്തകം 8 | മേടം | ലക്കം 9

## മംഗളം.

—*—

പൂരത്തിനു ശിവപുരമാം
പൂരിലെഴുന്നള്ളിയെത്തിടും ദേവർ
പൂരിതകൃപർ സന്മംഗള-
പൂരം രാജർഷിയിൽ പുലർത്തട്ടെ!

വിദ്വാൻ, വെള്ളാക്കൽ ഗോവിന്ദമേനോൻ.

## തൃശ്ശിവപേരൂർ പൂരം.

ഗുരുവായൂർ ഏകാദശിക്കും വയ്ക്കത്തഷ്ടമിക്കും തിഥികളെ കണക്കാക്കി കാഴ്ചകൾ കല്പിച്ചിട്ടുള്ളതുപോലെ ആറാട്ടുപുഴ പൂരം, ചേർത്തലപ്പൂരം, തൃശ്ശിവപേരൂർ പൂരം മുതലായവക്ക് പൂരം നക്ഷത്രം പ്രമാണമാക്കിയാണ് കാഴ്ചകൾ നിശ്ചയിച്ചിട്ടുള്ളത്. കേരളത്തിലുള്ള അനേകം മഹോത്സവങ്ങളിൽ ഒന്നാംകിട സ്ഥാനം തൃശ്ശിവപേരൂർ പൂരത്തിനുണ്ട്. ഈ പൂരത്തിന്റെ യഥാർത്ഥമായ ആഗമം എന്താണെന്നുള്ളതിന് വേണ്ടപ്പെട്ട തെളിവുകൾ ഇതുവരെ ഉണ്ടായിട്ടില്ല. തിരുവാലത്തൂര് മുതലായ സ്ഥലങ്ങളിലുള്ള ഉത്സവംകൊണ്ട് ഉത്സാഹഭരിതന്മാരായ ബ്രാഹ്മണരെ കൃഷ്ണാനദീതീരത്തിൽനിന്ന് മലയാളത്തിലേക്ക് കൊണ്ടുവന്നതിന്റെ ശേഷം അവരുടെ സന്തോഷത്തിനുവേണ്ടി അതുപോലൊരു ഉത്സവം പെരുമനം ഗ്രാമത്തിൽപെട്ട ക്ഷേത്രങ്ങളിൽ തുടങ്ങുവാനും അധികാരികൾ അതിന് പൂരം നക്ഷത്രം ആറാട്ടുദിവസമാക്കുവാനും തീർച്ചപ്പെടുത്തി.

അന്ന് എല്ലാ ദേവന്മാരേയും ആറാട്ടുപുഴക്ക് എഴുന്നള്ളിച്ച് അതിമ നോഹരമായ കാഴ്ച നടത്തുവാനും നിശ്ചയിച്ചു. ഇക്കൂട്ടത്തിൽ തൃശ്ശിവ പേരൂർ പൂരവും പെട്ടിരുന്നു. പിന്നീട് ചില സൌന്ദര്യപ്പിണക്കം മൂലം തൃശ്ശിവപേരൂർ പൂരം അതിൽനിന്നും കക്ഷിപിരിയുകയും ശ്രീമൂല സ്ഥാനത്തുവച്ചുതന്നെ നടത്തുവാൻ തീർച്ചപ്പെടുത്തുകയും ചെയ്തു. അതാ ണ് മീനമാസത്തിലാറാട്ടുപുഴ പൂരം കഴിഞ്ഞ ഉടനെ അടുത്തുവരുന്ന മേടമാസത്തിൽ തൃശ്ശൂർപൂരം ഉണ്ടാകുവാൻ കാരണം എന്ന് ചിലർ പറയുന്നു. മേല്പറഞ്ഞ ഐതിഹ്യം എത്രത്തോളം വിശ്വാസയോഗ്യമാ ണെന്ന് തീർത്തുപറയുവാൻ തല്ക്കാലം സാധ്യമല്ല.

തൃശ്ശിവപേരൂർ പൂരം തുടങ്ങിയതു് 981-ൽ തൃശ്ശിവപേരൂർവച്ച് തീ പ്പെട്ട വലിയ തമ്പുരാൻ തിരുമനസ്സുകൊണ്ടാണെന്ന് പറയപ്പെടുന്നു. അന്നുമുതൽ കാലോചിതമായ പല മാററങ്ങളും ഈ പൂരത്തിനുണ്ടായി ട്ടുണ്ട്. വടക്കുന്നാഥക്ഷേത്രത്തോടടുത്തുള്ള കൊക്കരണിയിൽ മുമ്പ് അ നേകം ദേവന്മാരെ ആറാട്ടിനായി എഴുന്നള്ളിച്ചിരുന്നു. ക്രമേണ ഓരോ കാരണംമൂലം കുറഞ്ഞു് ഇപ്പോൾ 9പൂരങ്ങൾ മാത്രമായിത്തീർന്നിട്ടുണ്ട് ഇങ്ങനെ പൂരങ്ങൾ കുറയുവാനുള്ളതിനും തക്ക തെളിവുകളൊന്നും കാ ണുന്നില്ല.

ഇപ്പോൾ തൃശ്ശൂർ പൂരത്തിന് എഴുന്നള്ളിക്കുന്നതു് 1. കണി മംഗലം (2) ചെമ്പുക്കാവ് (3) കാരമുക്ക് (4) ലാലൂര് (5) ചൂരക്കാട്ടു കാവ് (6) അയ്യന്തോൾ (7) നെതിലക്കാവ് (8) പാറമേക്കാവ് (9) തിരുവമ്പാടി എന്നിവയാകുന്നു. പൂരത്തുന്നാൾ പ്രഭാതം മുതല്ക്ക് ഓരോ പൂരവും അതാത്തു ക്ഷേത്രങ്ങളിൽനിന്ന് വാദ്യഘോഷങ്ങളോടും വേണ്ട പ്പെട്ട ആനയലങ്കാരാദികളോടുംകൂടി പുറപ്പെട്ട് വടക്കുന്നാഥക്ഷേത്രത്തി ലെത്തുകയും അവിടെവച്ച് പൊടിപൊടിച്ച മേളം കഴിഞ്ഞു് ക്ഷേത്ര ത്തിന് വലംവച്ച് തെക്കേ ഗോപുരം കടന്ന് പുറത്തേക്ക് ഇറങ്ങുകയും ചെയ്യുന്നു. രാത്രിയും ഇതുപോലെതന്നെയാണ്.

ഓരോ പൂരത്തിനും ഇത്ര സമയമേ പാടുള്ളു എന്ന് നിയമമു ണ്ട്. അതിൽ കൂടുതലായി സമയം ഉപയോഗിച്ചാൽ വലിയ ബഹള ങ്ങൾക്കിടയായേക്കാം.

പൂരങ്ങളിൽ പ്രധാനം പാറമേക്കാവും തിരുവമ്പാടിയുമാണ്. പാറമേക്കാവും തിരുവമ്പാടിയും തമ്മിലുള്ള മത്സരം സുപ്രസിദ്ധവുമാണ ല്ലോ. പണ്ടുകാലങ്ങളിൽ ഈ മത്സരത്തിന് ശക്തി വർദ്ധിച്ചിരുന്നു. ആ നകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിലും ഒന്നായി കതിനവെടികൾ പൊ

ട്ടിക്കുന്നതിലുമായിരുന്നു ഇരുഭാഗക്കാരും മത്സരം പ്രദൎശിപ്പിച്ചിരുന്നത്. ഓരോ ഭാഗത്തും അമ്പതും അതിലധികവും ആനകളെ എഴുന്നള്ളിച്ചു നിൎത്തുകയും ആയിരത്തിലധികം കതിനവെടികൾ വെക്കുകയും ചെയ്തിരുന്നു—തന്മൂലം മത്സരം മുഴക്കുകയും ഇരുഭാഗക്കാരും തമ്മിൽ വലിയ കലാപങ്ങൾക്ക് കാരണമാകയും ചെയ്തു. ഇക്കാരണങ്ങളാൽ പാറമേക്കാവിനും തിരുവമ്പാടിക്കും 15 ആനകളും ചെറുപൂരങ്ങൾക്ക് 14-ം മാത്രമേ പാടുള്ളുവെന്നും ഒരിക്കൽ നൂറിലധികം കതിനവെടി പാടില്ലെന്നും ഗവൎമ്മേണ്ടിൽനിന്ന് ഒരു തീൎപ്പുനിശ്ചയിച്ചതോടുകൂടി മത്സരം കുറയുകയും പൂരോത്സവത്തിന് പരിഷ്കാരം കൂട്ടുകയും ചെയ്തു. ഓരോ ഭാഗക്കാരും തങ്ങളുടെ പൂരം ഭംഗിയാകുവാനുള്ള ശ്രമം ഇന്നും ചെയ്തുവരുന്നുണ്ട്.

പൂരത്തുനാൾ പ്രഭാതംമുതൽ പിറേറ ദിനം 12 മണിവരെയുള്ള കതിനാവെടികളുടെ ശബ്ദവും രാത്രിയിലുള്ള വെടിക്കെട്ടും പഞ്ചവാദ്യാദി മേളഘോഷങ്ങളോടുകൂടി ബ്രഹ്മസ്വം മഠത്തിൽനിന്നും വരുന്ന തിരുവമ്പാടിപ്പൂരത്തിന്റെ ഭംഗിയും മാരാന്മാരുടെ പാടവം പ്രദൎശിപ്പിക്കുന്നതിനുള്ള പാറമേക്കാവുകാരുടെ ഇലഞ്ഞിത്തറക്കലെ പാണ്ടിമേളത്തിന്റെ രസവും ഇന്ന് കേരളത്തിലൊരുദിക്കിലും കാണുവാൻ സാധിക്കുന്നതല്ല. നാനാപ്രദേശങ്ങളിൽനിന്നും വരുന്ന ജനങ്ങളുടെ ആഹ്ലാദവും പ്രദക്ഷിണവഴിക്കു ചുററും ഉള്ള വിവിധകച്ചവടസാധനസമൃദ്ധിയും മററും ആരേയും ആനന്ദതുന്ദിലരാക്കുന്നതാണ്. ഇങ്ങനെ കേരളത്തിനു പൊതുവേയും തൃശ്ശിവപേരൂരിനു പ്രത്യേകിച്ചും സുപ്രശസ്തിക്കു കാരണമായ ഈ മഹാമഹം—ആധുനികപരിഷ്കാരികളിൽ ചിലർ വേണ്ടെന്നു പറഞ്ഞാലും—നെടുനാൾ നില്ക്കുമാറാകട്ടെ!

കെ. കെ. ജി. പിള്ള.

---

## അലങ്കാരവിചാരം.

### IV.

ഉപമയ്ക്കു മൂൎത്തദ്രവ്യങ്ങളേപ്പോലെ അമൂൎത്തങ്ങളായവയേയും സ്വീകരിക്കുക സാധാരണമാകുന്നു. പലപ്പോഴും അമൂൎത്തവസ്തുക്കളെ സ്വീകരിക്കുക എന്നതു് ആവശ്യമായി വരും. എന്നാൽ രണ്ടും ഒരേവിധം ദ്രവ്യംകൊണ്ടു നിൎമ്മിക്കുന്നതു കൊള്ളാം. ഉപമേയോപമാനങ്ങളിൽ ഏതെങ്കിലും ഒന്നു മൂൎത്തമായ ദ്രവ്യംകൊണ്ടും മററതു അമൂൎത്തം

കൊണ്ടും നിമ്മിക്കുന്നതു പലപ്പോഴും രസക്ഷതിക്കു ഹേതുവായിത്തീരും. അമൂർത്തത്തിനു സിദ്ധമായ തത്വമോ കേവലം ഭാവനയോ ആയിരിക്കും അടിസ്ഥാനം. ഇവയിൽ ആദ്യത്തേതു, അതായതു തത്വപരം, ശാസ്ത്രങ്ങൾക്കുമാത്രമേ യോജിക്കുകയുള്ളു. ഭാവനാമൂലമായ രണ്ടാമത്തേതു സ്ഥാനം അറിഞ്ഞു് ഉപയോഗിക്കുന്നതായാൽ കാവ്യത്തിൽ രസപരിപോഷത്തെ ചെയ്യും. അതു ശാസ്ത്രത്തിൽ വജ്ജിതമാകുന്നു. ഇവയ്ക്കു ഉദാഹരണം മേലിൽ കൊടുക്കുന്നതായിരിക്കും.

(൧) ആവശ്യത്തിനും (൨) ഭംഗിയ്ക്കും (൩) ആവശ്യത്തിനും ഭംഗിയ്ക്കും (രണ്ടിനും) (൪) കവിപ്രൌഢികാണിക്കുന്നതിനുംവേണ്ടി പ്രയോഗിക്കുന്നവ എന്നു ഉദ്ദേശ്യത്തെ ആസ്പദമാക്കി അലങ്കാരത്തെ നാലുവിധത്തിൽ തരംതിരിക്കാം. ഇവ കൂടാതെ നിരലങ്കാരമായി അഞ്ചാമത്തു ഒരു ശാഖയേയും ഗണിക്കേണ്ടിയിരിക്കുന്നു. വിവക്ഷിതമായ ആശയം ശ്രോതാവിന് എളുപ്പം മനസ്സിലാകണം എന്ന ഉദ്ദേശത്തെ മുൻനിത്തി അതിനു യോജിക്കുന്നവിധം നിമ്മിക്കുന്ന അലങ്കാരം ഒന്നാമത്തെ ഇനത്തിൽ ഉൾപ്പെടുന്നു. പ്രസ്തുത ശാഖയെ ആശ്രയിച്ചു നിമ്മിക്കുന്ന അലങ്കാരങ്ങളുടെ ജീവൻ വിവക്ഷിതപ്രകാശനത്തിനുവേണ്ട സാമത്ഥ്യമാകുന്നു. അവയെ സംബന്ധിച്ചിടത്തോളവും ഭംഗിയും രസവും ഒന്നും നോക്കുക പതിവില്ല. അങ്ങനെ ചെയ്യുന്നതു കാൎയ്യസിദ്ധിക്കു പ്രതിബന്ധവും അപ്രകൃതവും ആകുന്നു. ഭംഗിയ്ക്കുവേണ്ടി രചിക്കപ്പെടുന്ന അലങ്കാരങ്ങൾ ആവശ്യം കുറയുന്നവയായിരിക്കും. ആവശ്യത്തിനും ഭംഗിയ്ക്കും ഒരുപോലെ ഇണങ്ങുന്ന അലങ്കാരങ്ങളെ മൂന്നാമത്തെ തരത്തിൽ ഗണിക്കാം. ഇവയിൽ (ആവശ്യഭംഗികളിൽ) ഏതെങ്കിലും ഒന്നു പ്രബലത കൈക്കൊണ്ടു മററതിനെ കീഴടക്കി നിഷ്പ്രഭമാക്കുന്നില്ല. സ്നേഹിതന്മാരെപ്പോലെ ഒരുസ്ഥാനത്തു, രണ്ടും യോജിച്ചു പരിശോഭിക്കും. ഈ ശാഖയിൽ നിമ്മിതങ്ങളായ അലങ്കാരങ്ങൾ സാഹിത്യത്തിൽ സർവ്വോത്തമങ്ങളാകുന്നു. കവികൾ വൈദഗ്ദ്ധ്യവും കല്പനാവൈഭവവും പ്രകാശിപ്പിക്കുവാൻവേണ്ടി, ഔചിത്യം ഇല്ലെന്നുവരികിൽക്കൂടി, നിബന്ധിക്കുന്നവയാണു് നാലാമത്തെ ഭാഗത്തിൽ ഉൾപ്പെടുന്നവ. ആവശ്യം കുറയുന്നിടത്തും പ്രയോഗിക്കാം; അതോ? ഒന്നുവേണ്ടിടത്തു പത്തു; ഒരു ശ്ലോകത്തിൽ ഒരു അലങ്കാരംകൊണ്ടു സാധിക്കാവുന്ന കാൎയ്യത്തിനു ഒന്നിലധികം സഗ്ഗങ്ങൾ; ചില കവികൾക്കു പ്രൌഢിപ്രകാശനത്തിൽ അത്രയ്ക്കു കൌതുകമുണ്ടു്. അലങ്കാരബന്ധം കൂടാതെയും കാവ്യത്തിൽ സൌന്ദൎയ്യം സാധിക്കാം. അങ്ങിനെ സിദ്ധിക്കുന്ന ലാവണ്യത്തിനു മററതിനേ

ക്കാം ആസ്വാദ്യത ഏറുകയും ചെയ്യും; ഇവിടെ പറഞ്ഞ അലങ്കാര ശാഖകളുടെ സ്വഭാവത്തെക്കുറിച്ചു അല്പംകൂടി വിശാലമായി വിചാരിക്കാം.

മുൻപു പ്രതിപാദിച്ച അഞ്ചു ശാഖകളിൽ ഒന്നാമത്തേതിനു ശ്രുതിയിലും വേദാന്താദികളായ ശാസ്ത്രങ്ങളിലും ആണു സ്ഥാനം. തത്വോപദേശാത്മകങ്ങളാകുന്നുവല്ലോ ശാസ്ത്രങ്ങൾ. അവയിൽ പ്രൌഢവിഷയങ്ങളെപ്പററി ഗംഭീരങ്ങളായ തത്വങ്ങൾ ഉപദേശിക്കുന്ന സന്ദർഭം നേരിടുമ്പോൾ പ്രതിപാദ്യത്തിൻെറ രൂപം ശ്രോതാവിൻെറ ഹൃദയത്തിൽ പതിയുന്നതിനു അലങ്കാരം ഉപയോഗിക്കുന്നു. സവിസ്തരം പ്രതിപാദിച്ചാലും സുഗ്രഹമാകാത്ത ഒരു തത്വത്തെ, ഒരു ചെറിയ ഉദാഹരണത്തിൻെറ കല്പനംകൊണ്ടു ശ്രോതാവിനു എളുപ്പത്തിൽ മനസ്സിലാക്കിക്കൊടുക്കുവാൻ കഴിയും. ബ്രഹ്മം, പ്രപഞ്ചം, ജീവൻ, സംസാരം, മായ എന്നു തുടങ്ങിയ ഗഹനവിഷയങ്ങളെക്കുറിച്ചു പ്രതിപാദിക്കുന്ന വേദാന്തശാസ്ത്രത്തിൽ, വിവക്ഷിതത്തെ സുഖമായും ഭംഗിയായും പ്രകാശിപ്പിക്കുന്നതിന് അലങ്കാരങ്ങൾ ചെയ്യുന്ന സാഹായ്യം അപരിമിതം എന്നു പറയണം. അവയെ കൈക്കൊള്ളാതെയിരുന്നാൽ ശാസ്ത്രം ദുർഗ്രഹതരവും തന്മൂലം പ്രയോജനരഹിതവും ആയിത്തീരുമെന്നു അഭിപ്രായപ്പെടണം. ആചാൎയ്യന്മാർ ഉപദിഷ്ടങ്ങളായ തത്വങ്ങളുടെ സമൎത്ഥനവും പ്രതിപാദനവും അലങ്കാരങ്ങൾ (ഉദാഹരണങ്ങൾ) കൊണ്ടാണ് സാധിക്കുന്നതു്. വേദാന്തത്തെപ്പററി ഇവിടെ പറഞ്ഞ അഭിപ്രായം ഇതരശാസ്ത്രങ്ങൾക്കും ബാധകമാകുന്നു. തത്വങ്ങളുടെ ദുർഗ്രഹഗ്രന്ഥികളെ ഏതു ശാസ്ത്രകാരനും അലങ്കാരനിവേശനംകൊണ്ടല്ലാതെ ശിഥിലീകരിക്കാവുന്നതല്ല.

ശാസ്ത്രവും കാവ്യവും സാഹിത്യത്തിൻെറ രണ്ടു ശാഖകളാകുന്നു. ഇവയുടെ സ്വഭാവത്തെപ്പററി ശംഭുരഹസ്യത്തിൽ ഇപ്രകാരം പറയുന്നു.

ദ്വേ വർത്മനീ ഗിരാം ദേവ്യാശ്ശാസ്ത്രം ച കവി വർത്മ ച
പ്രജ്ഞോപജ്ഞം തയോരാദ്യം പ്രതിഭോത്ഭവമന്തിമം.

ഇവയിൽ ആദ്യത്തേതു പ്രജ്ഞോപജ്ഞമാകുന്നു. അതിൽ തത്വത്തിൻെറ പ്രതിപാദനം പ്രധാനം; കാവ്യത്തിനു പ്രതിഭയത്രേ മൂലം. അതിൽ രസകരമായ ശബ്ദാൎത്ഥനിവേശനം ശ്ലാഘ്യം. ഈ സ്വഭാവഭിന്നത നിമിത്തം ശാസ്ത്രത്തിൽ ഉപയോഗിക്കുന്ന അലങ്കാരങ്ങൾ പ്രായേണ ശുഷ്കങ്ങളായിരിക്കും. ഇവിടെ പ്രായേണ എന്നു പറഞ്ഞതു രസപുഷ്ടിയിഷ്ടങ്ങളായ അലങ്കാരങ്ങൾ ശാസ്ത്രങ്ങളിലും ഉണ്ടെന്നു കാണിക്കുവാൻ

വേണ്ടിയാകുന്നു. ഈ സംഗതി വിസ്മരിക്കാവുന്നതല്ല എന്നാൽ അത ഭിധങ്ങളാണ് ശാസ്ത്രാലങ്കാരങ്ങളിലധികവും. അവയ്ക്കു കാവ്യാലങ്കാ രങ്ങളുടെ ആസ്വാദ്യത അനുഭവപ്പെടുന്നതല്ല. ഈ അഭിപ്രായം ചില ഉദാഹരണങ്ങൾകൊണ്ടു തെളിയിക്കാം.

സുപ്രസിദ്ധമായ ഭഗവത് ഗീതയിലെ ഒരു പദ്യം താഴെ ചേ ർക്കുന്നു.—

* പഴക്കമാർന്നുള്ള പടങ്ങൾ മാററി
നവങ്ങൾ വസ്ത്രങ്ങൾ നരൻ ഗ്രഹിപ്പൂ
അവ്വണ്ണമേ ജീർണ്ണതനുക്കൾ മാററി
നവീനദേഹങ്ങളെടുപ്പു ദേഹി.

ഇവിടെ വസ്ത്രത്തിനും ശരീരത്തിനും എന്നപോലെ അനിത്യമായ ഒരു ബന്ധമേ ദേഹത്തിനും ആത്മാവിനും തമ്മിലുള്ളു എന്നും മലിനവസ്ത്രം ഉപേക്ഷിക്കുന്നതുപോലെ ദേഹപരിത്യാഗരൂപമായ മരണം സംഭവിക്കു ന്നു എന്നും അതിനെപ്പററി വിഷാദിക്കുന്നതു അയുക്തമെന്നും പദ്യത്തി ൻെറ ഭാവം.

വഹ്നിസന്തപ്തലോഹസ്ഥാംബുവിന്ദുനാ
സന്നിഭം മർത്ത്യജന്മം ക്ഷണഭംഗുരം
ചക്ഷുഃശ്രവണഗളസ്ഥമാം ദർദ്ദുരം
ഭക്ഷണത്തിന്നപേക്ഷിക്കുന്നതുപോലെ
കാലാഹിനാപരിഗ്രസ്തമാം ലോകവു-
മാലോലചേതസാ ഭോഗങ്ങൾ തേടുന്നു
* * *
ആമകുംഭാംബു സമാനമായുസ്സുടൻ
പോമതേതും ധരിക്കുന്നതില്ലാരുമേ.

(അദ്ധ്യാ. രാ. അയോ. കാ.)

മനുഷ്യരുടെ ജന്മവും ആയുഷ്കാലവും അത്യന്തം നശ്വരവും ദുഃഖാവ ഹവുമെന്ന് ഉദാഹരണംകൊണ്ടു് പ്രകൃതത്തിൽ കവി സമർത്ഥിച്ചിരിക്കു ന്നു. വിവക്ഷിതപ്രകാശനത്തിനു സഹായിക്കുന്നതാണു ഈ ഭാഗത്തിലെ ഉപമ ഓരോന്നും.

ആവശ്യത്തേയും ഭംഗിയേയും സാധിക്കുന്ന അലങ്കാരങ്ങൾക്കു വൈശിഷ്ട്യം അധികമുണ്ടെന്നു മുൻപു പറഞ്ഞുവല്ലോ. ഇവിടെ ആ വശ്യത്തിനു വസ്തുസ്വരൂപത്തെ പ്രകാശിപ്പിക്കുക എന്നും ഭംഗിയ്ക്കു ശ

* മഹാഭാരതം ഭാഷ. (കൊ. കുഞ്ഞിക്കുട്ടൻതമ്പുരാൻ.)

ബ്ദാത്ഥങ്ങളിൽ ഏതെങ്കിലും ഒന്നിനേയോ അഥവാ രണ്ടിനേയുമോ ആശ്രയിച്ചു സിദ്ധിക്കുന്ന സൌന്ദര്യം എന്നും അത്ഥം. വസ്തുവിൻെറ സ്വരൂപം വെളിപ്പെടുക, ധമ്മം 'അരച്ചുചേത്തതു'പോലെ യോജിക്കുക, സുന്ദരമായിരിക്കുക, എന്നീ ഗുണങ്ങൾ സംഭവിച്ചാൽ താദൃശമായ അലങ്കാരം (ഉപമ) ശ്ലാഘ്യം, ഉപമേയോപമാനങ്ങൾ രണ്ടും ഒരു ജാതി—രണ്ടും മൂത്തം അല്ലെങ്കിൽ രണ്ടും അമൂത്തം—ആയിരിക്കുകയാ അവയ്ക്കു ഇണക്കംപോലെ സൂക്ഷ്മങ്ങളായ ഭാവങ്ങളെ വ്യഞ്ജിപ്പിക്കുന്നതിനു സാമത്ഥ്യം കൈവരുകയും വേണം. ഉപമേയത്തിൻെറ രൂപം കണ്ണിനു മുൻപിൽ കാണുന്നതുപോലെ തോന്നിക്കുന്നതിനു സമത്ഥമായ ഉപമാനത്തിനല്ലാതെ സാധിക്കുകയില്ല. ഇപ്രകാരം പല ഗുണങ്ങളും തികഞ്ഞു അങ്ങനെ സംഭവിക്കുന്ന ഉപമ വാസ്തവത്തിൽ അനുപമതന്നെയാകുന്നു. ചില ഉദാഹരണങ്ങൾ കാണിക്കാം.

സവ്വഗുണഭൂയിഷ്ഠങ്ങളായ അലങ്കാരങ്ങളെ യാതൊരു ലോഭവുമില്ലാതെ കോരിവാരി വഷിച്ചിരിക്കുന്നതു ഇതിഹാസചൂഡാമണിയായ മഹാഭാരതത്തിലാകുന്നു. അതുകൊണ്ടു തദ്ഗതങ്ങളായ ചില ഭാഗങ്ങൾ ഉദാഹരണത്തിനു ഉദ്ധരിക്കുന്നതു ഉചിതമായിരിക്കും.

കായാമ്പൂനിറമായ് മഞ്ഞപ്പട്ടു ചാത്തും ജനാദ്ദനൻ
പൊന്നിൽ പച്ചക്കല്ലുപോലെ സഭാമദ്ധ്യേ വിളങ്ങിനാൻ.

ഇവിടെ തൃതീയപാദത്തിലെ ഉപമയുടെ ശക്തികൊണ്ടു ഭഗവാൻെറ സ്വരൂപം വായനക്കാക്കു കൺമുൻപിൽ കാണുന്നതുപോലെ തോന്നും. നീലനിറമായ കൃഷ്ണൻെറ ശരീരത്തിനു പച്ചക്കല്ലിൻേറയും പീതാംബരത്തിനു പൊന്നിൻേറയും സാമ്യം നല്ലപോലെ യോജിക്കുന്നു. രത്നഖചിതമായ സുവണ്ണംപോലെ ഭഗവാൻ സഭയ്ക്കു ആഭരണമായി ശോഭിച്ചു എന്നു ധ്വനിയും ഈ അലങ്കാരത്തിൽനിന്നു സിദ്ധിക്കുന്നുണ്ടു്.

സമരത്തിൽ ഏറ്റെപ്പട്ടു പ്രതിയോഗിയുടെ ബാണവഷത്തിനു ലക്ഷ്യമായിവന്ന ഭീമസേനൻെറ സ്ഥിതിയെ വണ്ണിക്കുന്നതാണു താഴെ ഉദ്ധരിക്കുന്ന ഭാഗം:—

ദീപ്താസ്യസപ്പങ്ങൾപോലേ മമ്മം പിളരുമമ്പുകൾ
ചിന്നിമിന്നീ പൊന്മയത്തീപ്പൊരിചിന്നിയ പോലവൻ
അബ്ഭീമനുടെ യാകാരം ശോഭിച്ചു പോരിൽ മന്നവ!
മിന്നാമിനുങ്ങന്തിനേരം ചിന്നും കുന്നുകണക്കിനേ.

(ദ്രോണപവ്വം അ. 200)

ഈ ഭാഗത്തിൽ തീപ്പൊരിയ്ക്കു മിന്നാമിനുങ്ങിൻേറയും ഭീമനു പവ്വതത്തിൻേറയും സാദൃശ്യം കല്പിച്ചിരിക്കുന്നു. പ്രകൃതത്തിൽ ഉപമ കേൾക്കുമ്പോൾ സന്ധ്യയ്ക്കു മിന്നാമിനുങ്ങ ചുററും പറക്കുന്ന ഒരു പവ്വതത്തിൻെറ രൂപം സഹൃദയൻെറ മനസ്സിൽ പതിയും. തന്മൂലം ഭീമൻെറ ശരീരസ്ഥൈല്യം ബാണങ്ങളുടെ തീക്ഷ്ണത യുദ്ധത്തിൻെറ ഭയങ്കരത്വം മുതലായവ ധ്വനിക്കുകയും ചെയ്യുന്നു. തീപ്പൊരിക്കും മിന്നാമിനുങ്ങിനും ഭീമനും കുന്നിനും തമ്മിൽ അത്രയ്ക്കു ഇണക്കമുണ്ട്.

ദുസ്സഹൻെറ മൃതശരീരത്തെ ഭാരതകത്താവു ഇപ്രകാരം വൺണിക്കുന്നു.

ശോഭിക്കുന്നു ദുസ്സഹൻെറ ദേഹമമ്പുതറച്ചിതാ!
മുളച്ചു പൂത്ത പൂക്കൊന്ന നിരന്ന മലപോലവേ
പൊന്മാലയായും ശോഭിപ്പു പൊന്നിൻ ചട്ടയിനാലുമേ
ചത്തിട്ടും ദുസ്സഹൻ തിയ്യാൽ ശ്വേതശൈലംകണക്കിനേ.

(സ്ത്രീ അ. 19.)

സുവൎണ്ണമയങ്ങളായ ബാണങ്ങൾ ശരീരത്തിൽ തറച്ചു മൃതനായിക്കിടക്കുന്ന ദുസ്സഹൻ പൂത്ത കൊന്നമരങ്ങൾ നിരന്നുനില്ക്കുന്ന മലപോലെ ശോഭിച്ചു എന്നു പ്രഥമപദ്യത്തിൻെറ ഭാവം. ദ്വിതീയശ്ലോകത്തിൽ പൊന്മാലയ്ക്കും പൊൻചട്ടയ്ക്കും അഗ്നിയുടെ സാദൃശ്യംകൊടുത്തിരിക്കുന്നതിൽനിന്നു അവയുടെ പ്രകാശാധിക്യം വ്യഞ്ജിക്കുന്നു. മുൻപു ഉദാഹൃതങ്ങളായ ഉപമകളുടെ ആസ്വാദ്യത ഇവയ്ക്കും ഉണ്ട്.

തതഃകുമുദഷണ്ഡാഭോ നിൎമ്മലോ നിൎമ്മലം സ്വയം
പ്രജഗാമനഭശ്ചന്ദ്രോ ഹംസോ നീലമിവോദകം.

*                *                *                *

തസ്യ ക്രുദ്ധസ്യ നേത്രാഭ്യാം പ്രാപതന്നശ്രുബിന്ദവഃ
ദീപ്താഭ്യാമിവ ദീപാഭ്യാം സാൎച്ചിഷഃ സ്നേഹബിന്ദവഃ

(സുന്ദരകാണ്ഡം)

എന്നിങ്ങനെ പ്രകൃതത്തിൽ ഉദാഹരണയോഗ്യങ്ങളായ അനേകം ഉപമകൾ വാല്മീകിരാമായണത്തിലും ഉണ്ട്. ഇവയിൽ പ്രഥമശ്ലോകം കേൾക്കുമ്പോൾ ആകാശത്തിൽ തിളങ്ങുന്ന ചന്ദ്രൻേറയും ജലത്തിൽ പരിലസിക്കുന്ന ഹംസത്തിൻേറയും രൂപം സഹൃദയന്മാരുടെ മനസ്സിൽ ഒരേസമയത്തു ഉണ്ടായി ദൃഢമായി പതിയുന്നു. ചന്ദ്രഹംസങ്ങളുടേയും ആകാശോദകങ്ങളുടേയും ധവളവും, നീലവും ആയ വൎണ്ണത്തിനു സിദ്ധ

മായിരിക്കുന്ന പൂൎണ്ണസാമ്യമാകുന്നു അതിന്നു കാരണം. ദ്വിതീയശ്ലോകത്തിൽ, കുപിതനായ രാവണന്റെ ചുവന്ന കണ്ണുകളിൽനിന്നു് നിപതിച്ച അശ്രുബിന്ദുക്കളെ എരിയുന്ന വിളക്കുകളിൽനിന്നു് അഗ്നിയോടുകൂടി വിഴുന്ന തൈലബിന്ദുക്കളോടു ഉപമിച്ചിരിക്കുന്നു. ഇതിലും ഉപമേയോപമാനങ്ങൾക്കു സാദൃശ്യം തികച്ചും ലഭിച്ചിട്ടുണ്ടു്. ശ്രവണമാത്രയിൽ ഉപമാനത്തിന്റെ രൂപം മനസ്സിൽ പതിയുകയും അതു് ഉപമേയത്തേയും അപ്രകാരമാക്കിത്തീൎക്കുകയും ചെയ്യുന്നു.

വടക്കുംകൂർ, രാജരാജവൎമ്മരാജാ.

---

ജ്യോതിശ്ശാസ്ത്രം

## അഹമ്മാനസംസ്കാരനിരൂപണം.

### II.

ഈ ചരം, രാശിചക്രകലാതുല്യസംഖ്യങ്ങളായ പ്രാണങ്ങളുടെ സമുദായരൂപമായ ആദിത്യന്റെ സ്വാഹോരാത്രവൃത്തത്തിന്റെ അവയവമായതുകൊണ്ടു, പ്രാണസമുദായ സ്വരൂപവുമാണു്. സ്വദേശം ലങ്കയിൽനിന്നു് ഉത്തരഗോളത്തിലും ദക്ഷിണഗോളത്തിലും അകന്നകന്നുവരുന്തോറും, ലങ്കാക്ഷിതിജസ്വദേശക്ഷിതിജങ്ങളുടെ പരമാന്തരാളം വൎദ്ധിച്ചുവൎദ്ധിച്ചുവരുന്നതിനാൽ ദേശന്തോറും ചരത്തിന്നു വ്യത്യാസവും ഉണ്ടു്. ഭൂമദ്ധ്യരേഖയായ ലങ്കയിൽനിന്നു സ്വദേശം അകലുംതോറും ചരം വൎദ്ധിച്ചുവൎദ്ധിച്ചുവരുമെന്നു സാരം. ഈ ചരം, ഉദഗ്ഗോളസ്ഥന്മാൎക്കു സായനസൂൎയ്യൻ ഉത്തരഗോളസ്ഥനാകുമ്പോൾ (മേഷാദിയിൽനിന്നു തുലാദിവരെ) ഉദയത്തിൽ ഋണവും അസ്തമനത്തിൽ ധനവും ആയിരിക്കും. അപ്രകാരം സായനസൂൎയ്യൻ ദക്ഷിണഗോളസ്ഥനായിരിക്കുമ്പോൾ (തുലാദിയിൽനിന്നു മേഷാദിവരെ) ഉദയത്തിൽ ധനവും അസ്തമനത്തിൽ ഋണവും ആയിരിക്കും. പിന്നെ ദക്ഷിണഗോളസ്ഥന്മാൎക്കു ചരം, സായനസൂൎയ്യൻ തുലാദിയിലിരിക്കുമ്പോൾ, ഉദയത്തിൽ ഋണവും അസ്തമനത്തിൽ ധനവും ആയിരിക്കും. മേഷാദിയിലിരിക്കുമ്പോൾ ഉദയത്തിൽ ധനവും അസ്തമനത്തിൽ ഋണവും ആയിരിക്കും. എങ്ങിനെയെന്നാൽ—അതാതു ഗോളത്തിൽ ഇരിക്കുന്നവൎക്കു, സൂൎയ്യൻ അതാതു ഗോളത്തിൽ വരുമ്പോൾ ലങ്കോദയാൽപൂൎവ്വം ഉദിക്കും. ലങ്കാസ്തമനത്തിന്നുശേഷമേ അസ്തമിക്കുകയുള്ളു താനും. അതാതുഗോളത്തിൽനിന്നു അന്യഗോളത്തിലാ

ണ് സൂൎയ്യൻ ഉദിക്കുന്നതെങ്കിൽ ഇതിന്നു നേരെ വിപരീതമായിട്ടാണ് സൂൎയ്യന്റെ ഉദയാസ്തമനങ്ങൾ സംഭവിക്കുക ആകയാൽ സ്വദേശോദയാൽപൂൎവ്വം സൂൎയ്യൻ ലങ്കാക്ഷിതിജത്തെ സ്പൎശിച്ചാൽ, അവിടെ ചരം ഉദയത്തിൽ ധനം, അനന്തരമാണ് സ്പൎശിച്ചതെങ്കിൽ ഋണം. ഈവണ്ണം സ്വദേശാസ്തമനാൽപൂൎവ്വമാണ് സൂൎയ്യൻ ലങ്കാക്ഷിതിജത്തെ സ്പൎശിച്ചതെങ്കിൽ അവിടെ അസ്തമനത്തിൽ ചരം. ധനം അസ്തമനാൽപരമാണ് ലങ്കാക്ഷിതിജത്തെ സ്പൎശിച്ചതെങ്കിൽ അവിടെ അസ്തമനത്തിൽ ഋണം. എപ്രകാരമെന്നാൽ—ലങ്കോദയാൽപൂൎവ്വം സ്വദേശത്തു സൂൎയ്യനുദിച്ചാൽ, സ്വദേശോദയത്തിൽ ലങ്കോദയത്തിലേക്കുചെന്ന ഗതികലകൾ മദ്ധ്യമാദികളിൽ ചെന്നിരിക്കയില്ല. ലങ്കാസ്തമയാനന്തരമാണ് സ്വദേശാസ്തമയമെങ്കിൽ, അപ്പൊഴെക്കും ലങ്കാസ്തമനത്തിൽ ചെന്ന ഗതികലകളെക്കാളും അധികം കലകൾ ചെന്നിരിക്കുകയും ചെയ്യും. ഈ രീത്യാ ലങ്കോദയാനന്തരം സ്വദേശോദയവും, സ്വദേശാസ്തമയാനന്തരം ലങ്കാസ്തമനവും വന്നാലത്തെ യുക്തിയും കണ്ടുകൊൾക. അതിനാൽ സൂൎയ്യന്റെ ലങ്കോദയാസ്തമയങ്ങളിൽനിന്നു സ്വദേശോദയാസ്തമയങ്ങൾക്കുള്ള പൂൎവ്വാപരീഭാവംകൊണ്ടാണ് ചരത്തിന്റെ ധനൎണ്ണതകൾക്കുള്ള ഭേദം സംഭവിക്കുന്നതെന്നു വന്നുകൂടി. ഈ ചരപ്രാണങ്ങൾക്കുള്ള അതാതു ഗ്രഹങ്ങളുടെ മദ്ധ്യഗതി വരുത്തി അതാതു മദ്ധ്യമങ്ങളിൽ സംസ്കരിക്കുന്നതാണ് ചരസംസ്കാരം എന്നു പറയപ്പെടുന്നത്.

ഇപ്പോൾ ഭൂമദ്ധ്യരേഖയിൽ ഭുജാഫലസംസ്കാരം മാത്രവും, ഉത്തരഗോളത്തിലും ദക്ഷിണഗോളത്തിലും ഭുജാഫലത്തിന്റെയും ചരത്തിന്റെയും സംസ്കാരവും ചെയ്തേ മദ്ധ്യമം സ്ഫുടോദയത്തുങ്കലേക്കു സൂക്ഷ്മമാവുകയുള്ളുവെന്നു സിദ്ധമായി. അവിടെ രവിഭുജാഫലസംഖ്യയെ അതാതു ഗ്രഹത്തിന്റെ മദ്ധ്യഗതികൊണ്ടു ഗുണിച്ചു രാശിചക്രതുല്യസംഖ്യങ്ങളായ ദിവസാസുക്കളെക്കൊണ്ടു ഹരിച്ചു രാശിചക്രകലാതുല്യസംഖ്യങ്ങളായ ദിവസാസുക്കളെക്കൊണ്ട് ഹരിച്ചുവരുന്ന കലാദികളെ ഭുജാഫലത്തിന്റെ ധനൎണ്ണതക്കുതകത്തക്കവണ്ണം അതാതു മദ്ധ്യമങ്ങളിൽ ധനൎണ്ണങ്ങളായി സംസ്കരിക്കുന്നതാണ് ഭുജാഫലസംസ്കാരമാകുന്നത്. ഈവണ്ണം ചരാസുക്കളെ മദ്ധ്യഗതികൊണ്ട് ഗുണിച്ച് ദിവസാസുക്കളെക്കൊണ്ട് ഹരിച്ച്കിട്ടുന്ന ഫലത്തെ ചരത്തിന്റെ ധനൎണ്ണതക്കുതകത്തക്കവണ്ണം മദ്ധ്യമങ്ങളിൽ സംസ്കരിക്കുന്നത് ചരസംസ്കാരവും ആകുന്നു. ഭുജാഫലവും ചരവും ഒന്നിച്ചു സംസ്കരിക്കേണ്ടുന്നേടത്തു, രണ്ടും ധനമായാലും. രണ്ടും ഋണമായാലും, അവ രണ്ടും തമ്മിൽ കൂട്ടാം. ഒന്നു ധനവും മറേറ

ണ്ടു ഋണവും ആയാൽ അവ തമ്മിൽ അന്തരിച്ചു ശേഷവും എടുക്കാം. ഈ യോഗത്തേയോ അന്തരത്തേയോ സ്വമദ്ധ്യമഗതികൊണ്ടു ഗുണിച്ചു ദിവസാസുക്കളെക്കൊണ്ടു ഹരിച്ചുകിട്ടിയ ഫലം, യോഗം ധനമെങ്കിൽ ധനമായും ഋണമെങ്കിൽ ഋണമായും അന്തരം ധനശേഷമെങ്കിൽ ധനമായും ഋണശേഷമെങ്കിൽ ഋണമായും സംസ്കരിച്ചാലും ഫലഭേദമില്ല, അതുകൊണ്ടു അപ്രകാരം ചെയ്താൽ മതി. എന്നാൽ ക്രിയകൾ ചുരുക്കമുണ്ട് എന്നൊരെളുപ്പവും കൂടിയുണ്ടുതാനും.

ഈ യോഗാന്തരങ്ങളാണ് അഹമ്മാനസാധനങ്ങൾ എന്നു പറയപ്പെടുന്നവ. അവ പ്രാണസ്വരൂപങ്ങളുമാണ്. ദിവസാസുക്കളെക്കൊണ്ടു ഗ്രഹമദ്ധ്യഗതി കലകൾ സിദ്ധിക്കുമെങ്കിൽ അഹമ്മാനസാധനപ്രാണങ്ങളെക്കൊണ്ടു എന്തു സിദ്ധിക്കുമെന്നത്രൈരാശികമാണ് ഇവിടെക്കു യുക്തിയാകുന്നതു്. ഇതാണ് അഹമ്മാനസംസ്കാരം എന്നു പറയപ്പെടുന്നതു്. ഈ അഹമ്മാനസാധനത്തെ സ്ഫുടഗതികൊണ്ടാണ് ഗുണിച്ചതെങ്കിൽ, ഫലം സ്ഫുടങ്ങളിലാണ് സംസ്കരിക്കേണ്ടതെന്നു മാത്രം വിശേഷം. ഈ അഹമ്മാനങ്ങൾ ഉദയത്തുങ്കലേക്കും അസ്തമനത്തുങ്കലേക്കും വെവ്വേറെയും, പ്രായേണ ഉദയാസ്തമനങ്ങളിൽ ധനർണ്ണതകളിൽ വൈപരീത്യം ഉള്ളവയും ആയിരിക്കും.

മദ്ധ്യമസ്ഫുടങ്ങളെ തൽകാലിച്ചുവരുത്തുന്നേടത്തു്, ഉദയാൽപരം പിറ്റേ ദിവസത്തെ ഉദയത്തിന്നകത്തുള്ള ഏതുനാഴികക്കു തൽക്കാലിക്കുന്നതായാലും ഉദയാഹമ്മാനവും, അസ്തമനാൽപരം പിറ്റേ ദിവസം അസ്തമനത്തിന്നുള്ളിലുള്ള ഏതു നാഴികക്കു തൽകാലിക്കുന്നതായാലും അസ്തമനാഹമ്മാനവും, സംസ്കരിക്കണം. ദിനമദ്ധ്യത്തിലും അർദ്ധരാത്രിയിലും ചരസംസ്കാരം ഇല്ല. മദ്ധ്യാഹ്നാന്തത്തിലെക്കു ഗണിക്കുമ്പോൾ ചരത്തിൻെറ അഞ്ചിൽ ഒരു ഭാഗം മാത്രം അഹമ്മാനത്തിൽ സ്വീകരിക്കുകയും വേണം. ആ ചരപഞ്ചാംശത്തിൻെറ ധനർണ്ണതകൾ അസ്തമനചരത്തിന്നുള്ളതുപോലെയും ആയിരിക്കും. എന്നാൽ സൂക്ഷ്മമായ മദ്ധ്യാഹ്നാന്തകാലം വരുത്തിയാണ് ഗണിക്കുന്നതെങ്കിൽ, അവിടെ അഹമ്മാനത്തിൽ ഉദയചരം മുഴുവനും സ്വീകരിക്കുകയും വേണം. ഇതിന്നു വചനവും ഉണ്ടു്. എങ്ങിനെയെന്നാൽ—

ഗതാനവിതാൽ പൂർവ്വദിനദ്യുവൃന്ദാൽ
ഗമ്യോന്നിതാദേഷ്യദിനദ്യുവൃന്ദാൽ
അഭീഷ്ടകാലേ വിഹഗാശ്ച സാദ്ധ്യാ-
സ്തദാചരന്യൂദയവൽപ്രകുര്യ്യാൽ.

യദാ നിശായാം ച്ഛനരസ്തകാലാൽ
ഗ്രഹാംസ്ത തൽകാലഭവാൻ കരോതി.
തത്രാസ്തകാലേക്തവദേവകുര്യാൽ
ചരന്തു തൽകാലഭവം സമസ്തം.

മദ്ധ്യാഹ്നാന്തനിശാകരാദിഗണനെപൂർവ്വോദയാഹർഗ്ഗണേ
യോജ്യാഃ സ്യുജ്ജയനാഡികാഃ പുനരഹർമ്മാനേ ചരം മാ ഹൃതം
കാര്യ്യം വ്യത്യയതോന്യ ദിക് ച ഗണനം മദ്ധ്യാഹ്നമാനീയ ചേൽ
തസ്യാന്തേ പുനരുക്ത ദിക് ച സകലം തൽകാലസൂര്യ്യോൽഭവം—
എന്ന്.

ഇവിടെക്കുള്ള യുക്തി അഹർമ്മാനയുക്തിയെ പര്യ്യാലോചനം ചെയ്യുമ്പോൾ കാണ്മാൻ കഴിയുമെങ്കിലും, സ്പഷ്ടപ്രതിപത്തിക്കായിക്കൊണ്ടു പ്രതിപാദിക്കാം. എങ്ങിനെയെന്നാൽ ഭൂമിയുടെ നിരക്ഷത്തുങ്കൽ നിന്ന് ഉത്തരഗോളത്തിലും ദക്ഷിണഗോളത്തിലും വസിക്കുന്നവർക്ക് ലങ്കോദയവും സ്വദേശോദയവും തുല്യകാലത്തിലാവുകയില്ലെന്ന പറഞ്ഞുവല്ലോ. സ്വദേശോദയാൽപരം ഇഷ്ടനാഴികക്ക ഗ്രഹങ്ങളെ തൽകാലിച്ചു വരുത്തുന്നേടത്തു ഉദയാഹർഗ്ഗണത്തിൽ ഇഷ്ടനാഴിക ചേർത്തു ഗ്രഹമദ്ധ്യമാദി വരുത്തിയാൽ ലങ്കോദയാൽപരം ഇഷ്ടനാഴിക ചെന്നേടത്തോളം ഉള്ള സമയത്തേക്കാണ് മദ്ധ്യമാദി വരുത്തുക. അഹർഗ്ഗണാരംഭം ലങ്കോദയം മുതല്ക്കായതുകൊണ്ടു, മദ്ധ്യമങ്ങൾ ലങ്കോദയത്തുങ്കലേക്ക ത്രൈരാശികംകൊണ്ടു വരികയുള്ളൂ. അതാണ് ഇതിന്ന കാരണം. ലങ്കോദയാൽ പരം ഇഷ്ടനാഴികക്ക വരുന്ന മദ്ധ്യമം സ്വദേശോദയാൽപരം ചെന്ന ഇഷ്ടനാഴികക്ക മുമ്പോ പിമ്പോ ആയിട്ടാണ് പ്രായേണ വരുക. ലങ്കോദയാൽപരം ഇഷ്ടനാഴിക്ക ചെല്ലുന്ന സമയവും, സ്വദേശോദയാൽ പരം ഇഷ്ടനാഴികക്ക ചെല്ലുന്ന സമയവും തമ്മിലുള്ള അന്തരം ചരപ്രാണങ്ങൾക്ക തുല്യമാണ്. ഉദയചരം ഋണമായ കാലത്തു ലങ്കോദയത്തിൽ നിന്ന ചെന്ന നാഴികക്ക മുമ്പും, ധനമെങ്കിൽ പിമ്പുമായിട്ടാണ് സ്വദേശോദയത്തുങ്കൽനിന്ന ഇഷ്ടനാഴികക്കചെന്ന സമയം വരുക. അതുകൊണ്ടാണ് അവിടെ അഹർമ്മാനത്തിൽ ഉദയചരം സ്വീകരിക്കുന്നത്. ഈ രീത്യാ അസ്തമനത്തിന്നശേഷം ചെന്ന നാഴികകൊണ്ടു തൽകാലിക്കുന്നേടത്തെ അസ്തമനചരയുക്തിയും ഊഹിച്ചുകൊൾക. ലങ്കോദയാൽ പരം പതിനഞ്ചു നാഴികചെല്ലുമ്പോൾ ദിനമദ്ധ്യവും നാല്പത്തഞ്ചുനാഴിക ചെല്ലുമ്പോൾ രാത്രിമദ്ധ്യവും ആയിരിക്കയാൽ, ലങ്കോദയത്തിന്ന സിദ്ധിച്ച മദ്ധ്യമാദിതന്നെ അവിടേക്കുള്ള സ്ഫുടമദ്ധ്യമാദിയായതുകൊണ്ട്, ആ സമയങ്ങളിൽ ചരസംസ്കാരം ഇല്ല. മദ്ധ്യാഹ്നാന്തകാലം ശരിക്ക വരു

ത്തിയാൽ സ്വദേശോദയത്തുങ്കൽനിന്നും മദ്ധ്യാഹ്നാന്തത്തിങ്കലേക്ക ചെന്ന നാഴികയാണ് കിട്ടുന്നത്. അതിനാൽ അവിടെ ഉദയചരംതന്നെയാണ് സംസ്കരിക്കേണ്ടത് എന്നും വന്നുകൂടി.

പിന്നെ ഉദയാഹര്ഗ്ഗണത്തിൽ പതിനെട്ടു നാഴിക ചേൎത്തു മദ്ധ്യാഹ്നാന്തത്തിലേക്ക ഗണിക്കുന്നേടത്തു ദിനമദ്ധ്യം വരെയുള്ള മദ്ധ്യമം ചരസംസ്കാരം കൂടാതെ സിദ്ധിക്കും. ദിനമദ്ധ്യം കഴിഞ്ഞതിന്നശേഷവും മൂന്നുനാഴികക്കുകൂടി ചെന്ന മദ്ധ്യമാദികളും വരും. പക്ഷെ ആ സമയം പ്രായേണ മദ്ധ്യാഹ്നാന്തമായി വരുകയില്ല. എന്തുകൊണ്ടെന്നാൽ— പകലിനെ അഞ്ചായി ഭാഗിച്ചാൽ അതിൻെറ മൂന്നാം ഭാഗത്തിൻെറ അവസാനമാണ് മദ്ധ്യാഹ്നാന്തമെന്നു പറയപ്പെടുന്നത്. അതു പകൽ കൂടി വരുന്ന കാലത്തു ലങ്കോദയാൽപരം പതിനെട്ടുനാഴിക ചെന്നതിന്നശേഷവും, കുറഞ്ഞുവരുന്ന കാലത്തു പതിനെട്ടു നാഴിക മുമ്പും ആയിരിക്കും. അതിനാൽ ഏറിയും കുറഞ്ഞും വരുന്ന നാഴികക്ക സിദ്ധിക്കുന്ന ചരം സംസ്കരിക്കണം. അവിടെ ഏതു ചരമാണ് സംസ്കരിക്കേണ്ടത് എന്നാലോചിക്കുമ്പോൾ സ്വദേശോദയാൽപരം ഉള്ള നാഴികകൾക്കല്ലാത്തതുകൊണ്ടു് ഉദയ ചരമല്ല വേണ്ടതെന്നു സിദ്ധിക്കുന്നുണ്ട്. പതിനെട്ടു നാഴികയിൽനിന്നു ലങ്കാസ്തമനത്തിലേക്ക പന്ത്രണ്ടു നാഴിക മാത്രമേ ഉള്ളു താനും. സ്വദേശാസ്തമനത്തുങ്കലെക്ക, അസ്തമനചരം ധനമായ കാലത്തു പന്ത്രണ്ടിലധികം നാഴികയുണ്ടായിരിക്കും. ഋണമായ കാലത്തു പന്ത്രണ്ടുനാഴികയിൽ കുറഞ്ഞുംവരും. അതിനാൽ ലങ്കോദയത്തിൽനിന്നു പതിനെട്ടു നാഴികക്ക ശേഷമാണ് മദ്ധ്യാഹ്നാന്തം എങ്കിൽ, ധനമായ അന്നത്തെ അസ്തമനചരത്തിൻെറ ഫലമാണ്, മദ്ധ്യമാദിയിൽ പോരാത്ത ഭാഗം തികക്കുവാൻ സംസ്കരിക്കേണ്ടതു്. പതിനെട്ടു നാഴികക്ക മുമ്പാണ് മദ്ധ്യാഹ്നാന്തം എങ്കിൽ ഏറിയ ഭാഗം കുറക്കുവാൻവേണ്ടി, ഋണമായ അപ്പോഴത്തെ അസ്തമനചരഫലമാണ് സംസ്കരിക്കേണ്ടത്. ചരത്തിൻെറ അഞ്ചിലൊരു ഭാഗത്തിലധികം ഏറിയോ കുറഞ്ഞോ വരികയും ഇല്ല. അതുകൊണ്ടു ചരത്തിൻെറ അഞ്ചിലൊരു ഭാഗം മാത്രമേ എടുക്കുകയും വേണ്ടതുള്ളു. ഇങ്ങിനെ അഹമ്മാനസംസ്കാരം സംക്ഷേപിച്ചു നിരൂപണം ചെയ്യപ്പെട്ടു.

പ്രാണകലാന്തരം ദൃക്പക്ഷത്തിൽ മാത്രമാകയാലാണ് അതിനെ വിട്ടത് അഹമ്മാനയുക്തിക്ക ഉപയുക്തങ്ങളായ പലതിൻേറയും യുക്തി ഇനിയും പറയുവാനുണ്ടു്. അതെല്ലാം സ്ഫുടക്രിയാദികളുടെ യുക്തികളിൽനിന്നും ഗ്രഹിക്കേണ്ടതാണ്.

കെ. വി. കൃഷ്ണവാരിയർ.

# അശോകവനത്തിലെ സീത.

നീണ്ടുംകൊണ്ടുള്ളൊരു വിരഹനാളൊന്നൊടൊന്നെണ്ണിയെണ്ണി-
ക്കൊണ്ടും കൊണ്ടൽക്കഴലി രഘുനാഥന്റെ ദാരങ്ങളന്നാൾ
വേണ്ടും സൌഖ്യം സകലവുമകന്നെപ്പൊഴും മാഴ്കി വന്മാ-
ലാണ്ടും ലങ്കാവനിയിലിരിവിള്ളിന്റെ മൂലത്തിൽ വാണു.

2

ദൈവാലൊറ്റയ്ക്കിണപിരിവൊരാ കേകിയെപ്പോലെയുൾ-
ജ്ജീവാധീശപ്രണയിനി നിഗീർണ്ണാളകാലംബിഫാലം
വേർവാടാൽക്കൈത്തളിരൊട്ട വഹിച്ചീഷദാനമ്രയായും
മേവാറായ് മഞ്ജിമമുഗ്ദ്ധമൃണാളീ പരിമ്ലാനമേനി.

3

പാടീരപ്പൊട്ടകലുമളികം പൂണ്ടുപൂവേണിയിങ്കൽ
ച്ചൂടീടാഞ്ഞാഭരണമണിയാതേയുമാ രമ്യമെയ്യിൽ
വാടീവക്ത്രം മലിനവസനം ചാർത്തി വൈദേഹി വാഴ്വൂ
വാടീ ചേടീ തുഹിനമിഴിനീർക്കൂടിയുള്ളാടിവീഴ്കെ.

4

ചെമ്മാണിക്യച്ചെറുകടയശോകദ്രുമംനീർത്തിടുമ്പോൾ
ച്ചുമ്മാ മണ്ണും കരിയിലകളും പൂർണ്ണമായുള്ള ദിക്കിൽ
അമ്മാൻകണ്ണാൾ മണിയെയൊരു നോക്കന്തികണ്ടെങ്ങിനേയോ?
വന്മാലേന്തിച്ചരമഗിരിതൻ മാറിൽനിന്നും മറഞ്ഞു.

5

വാടിപ്പൊൻപൂമരനിഴലിലായ് ക്രൂരനാനാനിശാടീ-
ചേടിക്കൂട്ടത്തിനുടെ നടുവിൽസ്സീതയെക്കാണുമാറായ്
വാടിത്തുവേപ്പണിവദനയായ് ച്ചെമ്മുകിൽക്കീഴിൽ വാനിൽ
ക്കൂടിക്കൊള്ളുന്നിരുളിനിടപൂക്കമ്പിളിത്തെല്ലുപോലെ

6

കാന്തിപ്പെട്ടാക്കതിരവനകന്നുള്ള ചെന്താരുപോലേ
ക്ലാന്തിപ്പെട്ടാക്കളിർമതിമറഞ്ഞാമ്പൽവെൺപൂവുപോലെ
അന്തിയ്ക്കുല്ലേതരരുജപെറുക്കാതെ വൈദേഹി കണ്ണീർ
ചിന്തിക്കാണായ് നിയതിനിയമം നീക്കുവാനാർക്കു ശക്യം!

ടി ആർ. നായർ.

# ആധുനിക ആയുർവേദവിദ്ധ്യയെപ്പററി ഒരു വിഹഗാവലോകനം.

ഇൻഡ്യയിൽ പൊതുവേതന്നെ അടുത്തകാലത്തു് ആയുർവ്വേദത്തിനോട്ട് ഒരു അഭിനിവേശവും അതിൻെറ പരിഷ്കരണകാര്യത്തിൽ ഒരു പരിഭ്രമവും പ്രവൎത്തനോന്മുഖമായ ഒരു ഉണർവ്വും ഉണ്ടായിട്ടുണ്ട്. രാജ്യംതോറും, പ്രാദേശികവിഭാഗംതോറും ഒരേ ലക്ഷ്യത്തിലേയ്ക്കെങ്കിലും. ഭിന്നരീതികളിൽ പ്രവൎത്തനരംഗങ്ങളും തയ്യാറായിട്ടുണ്ട്. ഏതേതു മാൎഗ്ഗങ്ങളിൽ എന്തെല്ലാം ചെയ്തു് എവിടെ എവിടെ ചെന്നു നില്ക്കണമെന്നാണു് അറിയുവാനുള്ളതു്.

ഇന്നു നമുക്കു ചികിത്സാശാസ്ത്രപരമായി പൎയ്യാലോചിക്കുവാനുള്ള വസ്തുതകളെ ആദ്യമായി പ്രത്യേകം പരിഗണിക്കാം.

ഒന്നാമതു വൈദ്യവിദ്യാഭ്യാസം തന്നെ. ആയുർവേദാഭ്യസനത്തിനായി ഇന്നു് ഹരിദ്വാരം മുതൽ തിരുവനന്തപുരംവരെ അനവധി സ്ഥാപനങ്ങൾ ഉണ്ട്. അവയിടെ പാഠപദ്ധതികളും അദ്ധ്യാപനരീതിയും ഓരോന്നിലും വിഭിന്നവും പലതും അപൂൎണ്ണവുമാണു്. അഖിലേന്ത്യാ ആയുർവ്വേദമഹാമണ്ഡലം അതിൻെറ പരിധിയിൽ പെട്ടനവയെ ക്രമവല്ക്കരിയ്ക്കുവാൻ യത്നിയ്ക്കുന്നുമുണ്ട്. അതുകൊണ്ടായോ? പല ഗവൎമ്മെൻറുകളും സൎവ്വകലാശാലകളും അതാതിനോട്ടു ചേൎന്ന വിദ്യാലയങ്ങളും പരീക്ഷകളും വിഭിന്നരീതികളിൽ നടത്തിവരുന്നു. മദ്രാസ് സൎവ്വകലാശാലയിലെ ആയുർവ്വേദശിരോമണി പരീക്ഷയ്ക്കു് പ്രായോഗികജ്ഞാനവിഷയകമായി ഗണ്യമായ സ്ഥാനമില്ല. അതുപോലെതന്നെ അവിടെ ഗ്രന്ഥവിഭാഗങ്ങൾക്കല്ലാതെ അദ്ധ്യയനരീതിയിൽ ഗണനയില്ല. മദ്രാസിലെ ,'ഇൻഡ്യൻ സ്കൂൾ ആഫ് മെഡിസ''ൻെറ മട്ട് ഒന്നു വേറെയാണു്. അതിൻെറ സങ്കീൎണ്ണസ്വഭാവത്തെപ്പററിയും ഭാവിയെപ്പററിയും പക്ഷപ്രതിപക്ഷവാദങ്ങൾ മുഴങ്ങിക്കൊണ്ടേയിരിക്കുന്നു. ബനാറീസിൽ പ്രായേണ സമ്മതമായ ഒരു രീതിയാണു് സ്വീകരിച്ചിട്ടുള്ളതു്. നാട്ടുരാജ്യങ്ങളിലും ഈവക ഭിന്നരീതികളിൽത്തന്നെ തുടരുന്നു. അതിനാൽ ദേശീയരീതികൾക്കുള്ള പ്രത്യേകസ്വഭാവങ്ങളെ പാലിക്കുന്നതും ശാസ്ത്രതത്വങ്ങളുടെ സൂക്ഷ്മാവബോധത്തിന് ഉപകരിക്കുന്നതും ചരകസുശ്രുതവാഹടസംഹിതകളെ പ്രധാനമായി അവലംബിച്ചിട്ടുള്ളതും എല്ലാവിധത്തിലും പ്രായോഗികജ്ഞാനം നൽകുവാൻ പററിയതുമായ ഒരു പദ്ധതിയെക്കുറിച്ചാണു് പൎയ്യാലോചിക്കേണ്ടതെന്നു തോന്നുന്നു.

വൈദ്യവിഷയത്തിൽ കേരളീയക്കുള്ള പ്രത്യേകതകളൊഴിച്ചാൽ ശാസ്ത്രഗ്രന്ഥങ്ങളുടെ കാര്യത്തിൽ ഭിന്നരീതിയൊന്നും വരാനില്ല. മൈസൂറിലും, ബനാറീസ് സർവ്വകലാശാലയിലും, ഇൻഡ്യയിലെ ആയുർവ്വേദ വിദ്യാലയങ്ങളിൽ പലതിലും പാഠപദ്ധതി നിർണ്ണയിക്കുവാൻ പ്രാമാണികനായിരുന്ന കല്ക്കട്ടായിലെ പ്രസിദ്ധവൈദ്യപണ്ഡിതൻ മഹാമഹോപാദ്ധ്യായ ഡാക്ടർ ഗണനാഥസേൻ 1092-ൽ തിരുവനന്തപുരം ആയുർവ്വേദ പാഠശാല സന്ദർശിച്ച് പാഠക്രമങ്ങൾ പരിശോധിച്ച് രേഖപ്പെടുത്തീട്ടുള്ളതു് "ഉത്തമരീതിയിൽ ഒരായുർവ്വേദവിദ്യാലയത്തിൻെറ നടത്തിപ്പിന് ഏതെല്ലാം രീതികളും ഗ്രന്ഥങ്ങളും വേണമോ അതെല്ലാം ഉൾപ്പെട്ട ഒരു നല്ല പദ്ധതിയും പാഠക്രമവുമാണ് ഇവിടെ സ്വീകരിച്ചുകാണുന്നതു്" എന്നായിരുന്നു. ശരീരശാസ്ത്രസംബന്ധമായും പ്രയോഗപരിചയത്തിനും അവശ്യംകരണീയങ്ങളായ ചില കാര്യങ്ങൾകൂടി അദ്ദേഹം നിർദ്ദേശിച്ചിരുന്നവയും അചിരേണ സഫലമായിത്തീർന്നിട്ടുണ്ട്. ഈ പ്രസ്താവനകൊണ്ട് ആ കാളേജിലെ പാഠപദ്ധതിയാണ് സമ്പൂർണ്ണമെന്നോ സർവ്വഥാ അനുകരണീയമെന്നോ ഞാൻ അർത്ഥമാക്കുന്നില്ല. കേരളീയരുടെ പാഠക്രമങ്ങളിലും, അഭ്യസന രീതിയിലും മറുനാട്ടുകാർക്ക് സമ്മതമാണുണ്ടാകാറുള്ളതെന്നു കാണിപ്പാൻ മാത്രമാണ് ഇതു പ്രസ്താവിച്ചതു്.

പൌരസ്ത്യവിജ്ഞാനത്തിൻെറയും ദേശീയകലകളുടേയും പരിരക്ഷണവും ഉന്നമനവുംകൂടി ഉദ്ദേശിക്കപ്പെട്ടിട്ടുള്ള തിരുവിതാംകൂർ സർവ്വകലാശാല ആയുർവ്വേദവിദ്യാഭ്യാസത്തിൻെറ നിയന്തൃത്വംകൂടി സ്വീകരിക്കുമ്പോൾ ആ വിജ്ഞാനശാഖയുടെ ഭാവി കുറെക്കൂടി ശോഭനമായിരിക്കുമെന്നു നമുക്കിപ്പോൾ സമാശ്വസിക്കാം.

ഈ പ്രകൃതത്തിൽ വൈദ്യവിദ്യാർത്ഥികളുടെ യോഗ്യതാമാനദണ്ഡത്തെക്കുറിച്ചുകൂടി രണ്ടുവാക്കു പറഞ്ഞുകൊള്ളട്ടെ. ശാസ്ത്രഗ്രന്ഥങ്ങളുടെ സ്വഭാവത്തിന് അനുസരിച്ച് അവയുടെ സങ്കേതങ്ങളെ ശരിയായി അറിവാൻതക്ക സംസ്കൃതഭാഷാജ്ഞാനവും സാമാന്യബോധവും ഇല്ലാത്തവരെ വൈദ്യവിദ്യാഭ്യാസം ചെയ്യിക്കുന്നതാകട്ടെ അവർക്കും ശാസ്ത്രത്തിനു ലോകത്തിനും പ്രയോജനകരമല്ലതന്നെ.

ഇന്നത്തെ ആവശ്യത്തിനനുസരിച്ച് നവീനരീതിയിലുള്ള അനാട്ടമിയും, ഫിസിയാളജിയും മററും കൂടി ചേർത്തു പാഠപദ്ധതി പരിഷ്കരിക്കണമെന്നുണ്ട്. പലയിടത്തും അവകൂടി പഠിപ്പിച്ചുവരുന്നതും പ്രസ്താവയോഗ്യമാകുന്നു. ആ തത്വങ്ങൾ ഗ്രഹിക്കുവാൻ തക്ക "കെമി

സ്റ്ററിയും "ഫിസിക്സും" പഠിച്ചിരിക്കണമെങ്കിൽ കുറഞ്ഞതു സ്കൂൾ ഫൈനൽ എങ്കിലും ജയിച്ചിരിക്കണം. അവൎക്കാകട്ടെ ആയുൎവ്വേദത്തിലെ വാതപിത്തകഫങ്ങൾ Air, Bile Phlegm എന്നിവയും, ദ്രവ്യങ്ങൾ എടുക്കുവാനോ കൊടുക്കുവാനോ കഴിവുള്ള സാധനങ്ങളുമായിരിക്കും. പഴയ രീതിയിൽ സംസ്കൃതവും, തൎക്കശാസ്ത്രപാഠങ്ങളും അഭ്യസിച്ചവൎക്ക് അനാമിയും ഫിസിയാളജിയും, ദഹിക്കുകയുമില്ല. വിദ്യാൎത്ഥികളുടെ അധിഷ്ഠാനത്തിൽ പ്രത്യക്ഷപ്പെടുന്ന ഏതാദൃശവൈഷമ്യങ്ങളെ തരണംചെയ്തു രണ്ടു ശാസ്ത്രമാൎഗ്ഗങ്ങളെയും ഇണക്കിച്ചേൎക്കുവാൻ ആ രണ്ടു ശാസ്ത്രങ്ങളിലും പണ്ഡിതന്മാരായ പല ആചാൎയ്യന്മാരും ഒന്നിച്ചു പരിശ്രമിച്ചാൽ കാലക്രമത്തിലെങ്കിലും ആശാസ്യമായ ഫലം ഉണ്ടായേക്കാം. അതിൻെറ പ്രായോഗിക സാദ്ധ്യതയെക്കുറിച്ചു ചിന്തിക്കുവാൻ ഞാൻ ഒരുങ്ങുന്നില്ല. ഒരു കാൎയ്യം ആലോചനാൎഹമാണ്. പ്രതിദിനം ഭേദിച്ചുകൊണ്ടിരിക്കുന്ന നവീനശാസ്ത്രങ്ങളുടെ ഗവേഷണഫലങ്ങൾ ഒരു സിദ്ധാന്തദശയിൽ എത്തുന്നതുവരെ ആയുർവ്വേദം അതിൻെറ വഴിക്കും അല്ലോപ്പതി അതിൻെറ വഴിക്കും തുടരട്ടെ രണ്ടിനും പററിയതായി രണ്ടുകൂട്ടൎക്കും അറിയുവാൻ വല്ലതുമുണ്ടെങ്കിൽ അതു് ഇരുവരും സ്വീകരിക്കട്ടെ. ഗണനാഥസേനൻെറ പ്രത്യക്ഷശാരീരം, പി. എസ്സ്. വാരിയരുടെ അഷ്ടാംഗശാരീരം മുതലായ നവീനഗ്രന്ഥങ്ങളിൽകൂടി ശരീരവിജ്ഞാനത്തിൽ കൂടുതൽ അറിയുവാൻ നമുക്കു കഴിവുള്ളിടത്തോളം ശ്രമിക്കുകയും ചെയ്യാം. അംഗപ്രത്യംഗങ്ങളേയും ആന്തരാവയവങ്ങളേയും പ്രേതപരിശോധന ചെയ്തു് മനസ്സിലാക്കുവാൻ നമുക്കു വിദഗ്ദ്ധസാഹായ്യത്തോടുകൂടി സാദ്ധ്യമാണുതാനും.

വൈദ്യവൃത്തിയിൽ നമുക്കു നിരാശപ്പെടത്തക്കവണ്ണം ഒരു നില നിശ്ചയമായും ഉണ്ടായിട്ടില്ല. ഇൻഡ്യയിലെ ജനസംഖ്യയിൽ ബഹുഭൂരിപക്ഷവും ആയുർവ്വേദചികിത്സാമാത്രാവലംബികളാണ്. ഈ വാസ്തവം അനുസ്മരിച്ചുകൊണ്ടു് ഇൻഡ്യാ വൈസ്രോയി ആയിരുന്ന "ഹാർഡിഞ്ചു് പ്രഭു" ഒരിക്കൽ പ്രസ്താവിച്ചതു—"ഇൻഡ്യയിൽ ഗവൺമെൻറുവക അല്ലോപതി സ്ഥാപനങ്ങളിൽ വൈദ്യസഹായത്തിനു എത്തുവാൻ വയ്യാത്ത അകലത്തിലും കോടിക്കണക്കിനും ജനങ്ങൾ ഉണ്ടെന്നും, അവരിൽതന്നെ ഒരു നല്ല ഡാക്കുരെ സമീപിച്ച് ഉപദേശം വാങ്ങിച്ച് അനുസരിക്കുവാൻ കഴിവുള്ളവർ എത്രപേരുണ്ടായിരിക്കുമെന്നും അവർ മുഴുവൻ ഈ പുരാതനസമ്പ്രദായങ്ങളനുസരിച്ചുള്ള ചികിത്സയിൽ ഏപ്പെട്ടുന്നുണ്ടെന്നും ഉള്ള വസ്തുത ഓൎമ്മിക്കുമ്പോൾ ആ പുരാതനസമ്പ്രദായങ്ങ

ളുടെ പരിഷ്കാരത്തിനും അഭിവൃദ്ധിയ്ക്കുമായി ഉദ്ദേശിക്കുന്ന ഈ പദ്ധതിയെ നിരാകരിക്കുന്നതായാൽ അതു് എന്റെ പേരിൽ ഒരു തെററായിത്തീരുമെന്നു് ഞാൻ അറിയുന്നു.''

നമ്മുടെ ഭേഷജകല്പത്തെക്കുറിച്ചും ആലോചിക്കാം. ആയുർവ്വേദം വിശേഷിച്ചും കേരളീയരുടെ വൈദ്യശാസ്ത്രം ഔഷധസമ്പത്തുകൊണ്ടു് പരിപൂർണ്ണമാണ്. പ്രകൃതിമാതാവിനാൽ സവിശേഷം അനുഗൃഹീതമായ കേരളദേശം ഔഷധദ്രവ്യസമൃദ്ധമാണ്. നമ്മുടെ ഉപയോഗത്തിലിരിക്കുന്ന മൂലികകൾ ഏതേതു സ്ഥലത്തു സുലഭമായി കിട്ടുമെന്നും ഏതേതു ഇടത്തുള്ളവയ്ക്കു് ഗുണോല്ക്കർഷമുണ്ടെന്നും അറിഞ്ഞിരിക്കേണ്ടതാണല്ലോ. ഓരോ മരുന്നിന്നുവേണ്ടി ഓരോരോ ദിക്കുകളിൽ ഉപയോഗിക്കുന്ന ദ്രവ്യങ്ങൾ തന്നെ പലപ്പോഴും ഭിന്നങ്ങളായി കാണാറുണ്ടു്. ഈ വക വ്യത്യാസങ്ങൾ തീർത്തു് ഉപപന്നമായ ഐകരൂപ്യംവരുത്തി ശരിപ്പെടുത്തേണ്ടതു് അത്യാവശ്യമാകുന്നു. ആയുർവ്വേദവിജ്ഞാനത്തിന്റെ അക്ഷതമായ പുരോഗതിക്കു ഉതകുമാറു് ചികിത്സാവൃത്തിയിലും ഔഷധവ്യാപാരത്തിലും ചിലനിയന്ത്രണങ്ങൾ ഏർപ്പെടുത്തുവാൻ കഴിയുമോ എന്നു ചിന്തിക്കുവാൻ കാലമായിട്ടുണ്ടു്. യഥാർത്ഥയോഗ്യതയുള്ള വൈദ്യന്മാരുടെ ചികിത്സയും ഉത്തരവാദിത്വബോധമുള്ളവരുടെ ഔഷധവില്പനയുമാണ് പൊതുജനക്ഷേമത്തിനു് സംസാധകമായതെന്നു് പറയേണ്ടതില്ലല്ലൊ.

വൈദ്യഗ്രന്ഥങ്ങൾ:—പ്രാചീനകാലം മുതൽ കേരളത്തിൽ വൈദ്യഗ്രന്ഥങ്ങൾ സ്വതന്ത്രങ്ങളായിത്തന്നെ ഉണ്ടായിട്ടുണ്ടു്. അങ്ങനേയുള്ള ഒട്ടനേകം ഗ്രന്ഥങ്ങൾ ശേഖരിക്കപ്പെട്ടിട്ടുമുണ്ടു്. തിരുവിതാംകൂറിലെ പൌരസ്ത്യഗ്രന്ഥപ്രസിദ്ധീകരണവകുപ്പിൽനിന്നും ആയുർവ്വേദവിഷയകമായി പല ഉന്നതഗ്രന്ഥങ്ങളും പ്രസാധനംചെയ്തിട്ടുള്ളതു് ഇവിടെ സ്മർത്തവ്യമത്രേ.

ധന്വന്തരിദാസ് സി. എൻ നാരായണൻമൂസ്സ്.
തിരുവനന്തപുരം. ആയുർവ്വേദഡോക്ടർ.

---

☞ ഹിമഗിരി വിഹാരം, നാമാംബിക, ബാലഗോപാലൻ (സംഗീതനാടകം), സുമാംഗി, വീരാരാധന മുതലായ പുസ്തകങ്ങളും അഭിപ്രായത്തിന്നു കിട്ടിയിട്ടുണ്ടു്. അഭിപ്രായം വഴിയെ. രാ. പ.

തിരുത്തൽ:— 174-ാംപേജിലുള്ള ച്യുനരസ്തകാലാൽ എന്നതു് പുനരസ്തകാലാൽ എന്നു തിരുത്തി വായിക്കുക.